ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.05.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാലാം ഘട്ടത്തിലേക്കുള്ള പരസ്യപ്രചാരണം ഇന്നവസാനിക്കും. വോട്ടെടുപ്പ് മറ്റന്നാൾ.

   **The campaign for the fourth phase of the Lok Sabha elections will end today. Voting is on Monday.**

2. തിങ്കളാഴ്ച തെരഞ്ഞെടുപ്പ് നടക്കുന്ന പ്രദേശങ്ങളിൽ ഉഷ്ണതരംഗ സാധ്യത നിലനിൽക്കുന്നില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യത.

   **The Central Meteorological Department has said that there is no possibility of heat wave in the polling areas on Monday. Heavy rain is likely in Kerala for the next five days.**

3. സൈന്യത്തിലെ വിവിധ മേഖലകളിലെ കൃത്യനിർവഹണ സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിന് സായുധസേനകളുടെ സംയോജനം വേഗത്തിലാക്കണമെന്ന് സംയുക്ത സേനാ മേധാവി അനിൽ ചൗഹാൻ.

Chief of Defence Staff, General Anil Chauhan says integration of Armed Forces needs to be expedited to create multi-domain response mechanism.

4. രാഷ്ട്രീയ സംഘർഷത്തെ തുടർന്ന് കുവൈറ്റ് പാർലമെന്റ് പിരിച്ചുവിട്ടു.

The Kuwaiti Parliament dissolved following political turmoil.

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - മുംബൈ ഇന്ത്യൻസിനെ നേരിടും

IPL Cricket:Kolkata Knight Riders will take on Mumbai Indians this evening.

&&&&&&&&&&&&&&&&&

## HEADLINE-1

## CAMPAIGNING (INTRO)

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാലാം ഘട്ടത്തിലേക്കുള്ള പരസ്യപ്രചാരണം ഇന്നവസാനിക്കും. വോട്ടെടുപ്പ് മറ്റന്നാൾ.

ഒരു റിപ്പോർട്ട്.....

(Vo)

രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അവശേഷിക്കുന്ന ഘട്ടങ്ങളിലേക്കുള്ള പ്രചാരണം ഊർജിതമാക്കി മുന്നണികൾ. പ്രധാന രാഷ്ട്രീയകക്ഷികളുടെ താരപ്രചാരകരും മുതിർന്ന നേതാക്കളും പ്രചാരണരംഗത്ത് സജീവമാണ്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് ഒഡിഷയിലും ഝാർഖണ്ഡിലും പ്രചാരണം നടത്തും. ഒഡിഷയിലെ നാല് മണ്ഡലങ്ങളാണ് മറ്റന്നാൾ വിധി എഴുതുന്നത്. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ഇന്ന് ബീഹാറിൽ

തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. തിങ്കളാഴ്ച നടക്കുന്ന നാലാം ഘട്ട തിരഞ്ഞെടുപ്പിൽ ആന്ധ്രാപ്രദേശിലെയും തെലങ്കാനയിലെയും മുഴുവൻ സീറ്റുകളിലും വോട്ടെടുപ്പ് പൂർത്തിയാകും. കേന്ദ്രമന്ത്രിയും ബിജെപി നേതാവുമായ അമിത് ഷാ ഇന്നലെ ഝാർഖണ്ഡിലും പശ്ചിമ ബംഗാളിലും പൊതുസമ്മേളനങ്ങളിൽ പങ്കെടുത്തു. ഝാർഖണ്ഡിലെ നാലും പശ്ചിമ ബംഗാളിലെ എട്ടും സീറ്റുകളിലാണ് മറ്റന്നാൾ തിരഞ്ഞെടുപ്പ് നടക്കുന്നത്. എ ഐ സി സി ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി ഇന്ന് മഹാരാഷ്ട്രയിലാണ് പര്യടനം നടത്തുക. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവും ഉത്തർപ്രദേശിലെ കന്നൗജിൽ ഇന്നലെ പൊതുസമ്മേളനങ്ങളിൽ പങ്കെടുത്തു. ഉത്തർപ്രദേശിൽ 13 ഉം, മധ്യപ്രദേശിൽ എട്ടും, മഹാരാഷ്ട്രയിൽ പതിനൊന്നും, ജമ്മു കശ്മീരിൽ ഒന്നും, ബിഹാറിൽ 5 ഉം സീറ്റുകളിൽ നാലാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&

**HEADLINE-2**

**IMD HEATWAVE**

തിങ്കളാഴ്ച നാലാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുന്ന പ്രദേശങ്ങളിൽ ഉഷ്ണതരംഗം സാധ്യത നിലനിൽക്കുന്നില്ലെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ്. പടിഞ്ഞാറൻ രാജസ്ഥാൻ ഒഴികെ ഇന്ത്യയിലെ ഒരു ഭാഗത്തും ഉഷ്ണതരംഗം നിലനിൽക്കുന്നില്ലെന്ന് ആകാശവാണിയോട് സംസാരിച്ച ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് സീനിയർ

സയന്റിസ്റ്റ് ആർ.കെ. ജെനാമണി പറഞ്ഞു. പടിഞ്ഞാറൻ രാജസ്ഥാനിലെ ചൂടിന് ഇന്ന് മുതൽ ശമനമുണ്ടാകും.

&&&&&&&&&&&&&&&&&

**GUJ- REPOLL**

ഗുജറാത്തിൽ ദഹോദ് ലോക്സഭാ സീറ്റിന് കീഴിലുള്ള പർത്ഥംപൂര പോളിംഗ് സ്റ്റേഷനിൽ റീപോളിംഗ് പുരോഗമിക്കുന്നു. ഈമാസം ഏഴിന് നടന്ന വോട്ടെടുപ്പിൽ ക്രമക്കേട് റിപ്പോർട്ട് ചെയ്യതിനെ തുടർന്ന് പർത്ഥംപൂര പോളിംഗ് സ്റ്റേഷനിൽ ഇന്ന് റീപോളിങ് നടത്താൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടിരുന്നു.

&&&&&&&&&&&&&&&&&

**REV. IMD-WEATHER**

രാജ്യത്തെ മധ്യ-തെക്കൻ മേഖലകളിൽ ഇടിയോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പശ്ചിമ ബംഗാൾ, സിക്കിം സംസ്ഥാനങ്ങളിൽ നാളെ വരെ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് വീശാൻ സാധ്യതയുണ്ട്. ബിഹാർ, ഝാർഖണ്ഡ് സംസ്ഥാനങ്ങളിൽ ഇടിയോടു കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകുന്നു. ഗംഗാ സമതല മേഖലയിലും ഒഡീഷയിലും മഴ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മധ്യപ്രദേശ്, വിദർഭ മേഖലകളിൽ തിങ്കളാഴ്ച വരെയും മഹാരാഷ്ട്ര, മറാത്ത്വാഡ മേഖലകളിൽ നാളെ വരെയും ആലിപ്പഴ വീഴ്ചയ്ക്കും സാധ്യത. അതേസമയം ഡൽഹിയിലും ദേശീയ തലസ്ഥാന മേഖലയിലും ഇന്നലെ രാത്രി ശക്തമായ പൊടിക്കാറ്റ് അനുഭവപ്പെട്ടു. മോശം

കാലാവസ്ഥയെത്തുടർന്ന് നിരവധി വിമാനങ്ങൾ റദ്ദാക്കി. മരങ്ങൾ കടപുഴകി വീഴുകയും വൈദ്യുതി ബന്ധം തടസപ്പെടുകയും ചെയ്തു. ഡൽഹിയിൽ ഈ ആഴ്ച റെക്കോർഡ് താപനിലയായ 42 ഡിഗ്രി രേഖപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&&&&

**DELHI STORM DAMAGE**

ഡൽഹിയിൽ ഇന്നലെ രാത്രിയുണ്ടായ ശക്തമായ കാറ്റിൽ വൻമരം കടപുഴകി വീണ് രണ്ട് പേർ മരിച്ചു. 17 പേർക്ക് പരിക്കേറ്റു. സമീപത്തുള്ള കെട്ടിടത്തിന് വൻ കേടുപാടുകൾ സംഭവിച്ചു.

&&&&&&&&&&&&&&&&&

**HEADLINE-2A**

**KERALA - RAIN**

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി ജില്ലകളിലും നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, ഇടുക്കി ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. ഇടിമിന്നൽ മുന്നറിയിപ്പുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതേസമയം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ താപനില 36°C വരെ ഉയരാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&

**SOLAR STORM-EARTH**

ഭൂമിയിൽ ശക്തിയേറിയ സൗരക്കാറ്റ് വീശിയതായി റിപ്പോർട്ട്. രണ്ടു ദശാബ്ദത്തിനിടയുണ്ടായ ഏറ്റവും ശക്തിയേറിയ സൗരക്കാറ്റാണ് ഉണ്ടായത്. സൗരക്കാറ്റ് ഒരാഴ്ച നീണ്ടു നിന്നാൽ ഉപഗ്രഹ സിഗ്നലുകളും മൊബൈൽ സിഗ്നലുകളും വൈദ്യുതി ബന്ധവും തടസ്സപ്പെടാൻ ഇടയുണ്ടെന്നാണ് മുന്നറിയിപ്പ്. സൗരജ്വാലകൾ ഇന്നലെ രാത്രി മുതലാണ് അനുഭവപ്പെടാൻ തുടങ്ങിയതെന്നും അത് പിന്നീട് ശക്തമായ സൗരക്കാറ്റായി മാറുകയായിരുന്നു എന്നും യുഎസ് നാഷണൽ ഓഷ്യാനിക് ആൻറ് അറ്റ്മോസ്ഫറിക് അഡ്മിനിസ്ട്രേഷൻറെ കാലാവസ്ഥാ പ്രവചന കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&

**HEADLINE-4**

**KUWAIT PARLIAMENT**

രാഷ്ട്രീയ സംഘർഷത്തെ തുടർന്ന് കുവൈറ്റ് പാർലമെൻ്റ് പിരിച്ചുവിട്ടു. ഭരണഘടനയുടെ ചില ഭാഗങ്ങൾ നാല് വർഷത്തേക്ക് സസ്പെൻറ് ചെയ്തു. കുവൈറ്റ് അമീർ ഷെയ്ഖ് മെഷാൽ അൽ അഹ്മദ് അൽ സബാഹ് ആണ് ഇക്കാര്യം അറിയിച്ചത്. രാഷ്ട്ര താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഈ നടപടികളെടുക്കാൻ സമീപകാല പ്രക്ഷോഭങ്ങൾ തന്നെ പ്രേരിപ്പിച്ചതായി അദ്ദേഹം വ്യക്തമാക്കി. ഭരണഘടനാപരമായ സസ്പെൻഷൻ കാലയളവിൽ ജനാധിപത്യ പ്രക്രിയയുടെ എല്ലാ വശങ്ങളും സമഗ്രമായി പരിശോധിക്കുമെന്ന് അമീർ പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&

**HEADLINE-3**

**PARIVARTAN CHINTAN CONCLUDE (INTRO)**

*സൈന്യത്തിലെ വിവിധ മേഖലകളിലെ കൃത്യനിർവഹണ സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിന് സായുധസേനകളുടെ സംയോജനം വേഗത്തിലാക്കണമെന്ന് സംയുക്ത സേനാ മേധാവി അനിൽ ചൗഹാൻ. ഡൽഹിയിൽ സമാപിച്ച പരിവർത്തൻ ചിന്തൻ - 2 പരിപാടിയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.*

*വിശദാംശങ്ങളിലേക്ക്.......*

***(VO)***

*സായുധസേനകളുടെ ഏകോപനത്തിനും സംയോജനത്തിനുമായുള്ള വിശാല ചർച്ചകൾക്കായി ഡൽഹിയിൽ ചേർന്ന രണ്ട് ദിവസത്തെ പരിവർത്തൻ ചിന്തൻ - 2 സമാപിച്ചു. സംയുക്ത സേനാമേധാവി അനിൽ ചൗഹാൻ പരിപാടിക്ക് നേതൃത്വം നൽകി. സേനകളുടെ സംയോജനം ലക്ഷ്യമിട്ടുള്ള വിവിധ സംരംഭങ്ങളുടെ പുരോഗതി അദ്ദേഹം വിലയിരുത്തുകയും പ്രവർത്തനങ്ങൾ വേഗത്തിലാക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുകയും ചെയ്തു. വിവിധോദ്ദേശ്യ പ്രവർത്തന മേഖലകളിൽ പ്രതികരണ ശേഷിയുള്ള ഇന്ത്യൻ സായുധസേനയുടെ രൂപീകരണത്തിന് ഇത് വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു. രണ്ട് ദിവസവും നടന്ന പരിപാടിയിൽ മുഴുവൻ സമയവും പങ്കെടുത്ത വിവിധ കമ്മിറ്റികളെ സംയുക്തസേനാ മേധാവി അഭിസംബോധന ചെയ്തു. ഇത്തരം ചർച്ചകൾ സേനകളെ കൂടുതൽ ശക്തമാക്കാനുപകരിക്കുമെന്ന് പറഞ്ഞ അദ്ദേഹം രാജ്യത്തിൻ്റെ അഖണ്ഡതയും ദേശീയ പരമാധികാരവും സംരക്ഷിക്കാനുള്ള സൈന്യത്തിന്റെ ദൃഢനിശ്ചയവും കഴിവും ശക്തിപ്പെടുത്തുമെന്നും അഭിപ്രായപ്പെട്ടു.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

&&&&&&&&&&&&&&&&&

## HEADLINE-4

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ രാത്രി 7.30നാണ് മത്സരം. ഇന്നലെ നടന്ന ഗുജറാത്ത് ടൈറ്റൻസ്-മുംബൈ ഇന്ത്യൻസ് മത്സരത്തിൽ ഗുജറാത്ത് 35 റൺസിന് വിജയിച്ചിരുന്നു. ഗുജറാത്ത് ഉയർത്തിയ 232 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ചെന്നൈയ്ക്ക് നിശ്ചിത ഓവറിൽ 196 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

&&&&&&&&&&&&&&&&&

## NEERAJ CHOPRA-DL-DOHA

2024- ദോഹ ഡയമണ്ട് ലീഗിൽ ഇന്ത്യയുടെ ജാവലിൻ ത്രോ താരം നീരജ് ചോപ്ര രണ്ടാം സ്ഥാനം കരസ്ഥമാക്കി. മുൻ നിര താരമായ ജാക്കൂബ് വാഡ്ലെജ് ആണ് ഒന്നാംസ്ഥാനത്ത് . നീരജ് 88.36 മീറ്ററും ജാക്കൂബ് 88.38 മീറ്ററുമെറിഞ്ഞാണ് വിജയം കരസ്ഥമാക്കിയത്. ഏഷ്യൻ ഗെയിംസ് മെഡൽ ജേതാവായിരുന്ന കിഷോർ ജെന 76.31 മീറ്റർ എറിഞ്ഞ് മത്സരത്തിൽ നിന്നും പുറത്തായി.

&&&&&&&&&&&&&&&&&

## NISHA DAHIYA OLYMPIC SEAT

വനിതാ ഗുസ്തിയിൽ പാരിസ് ഒളിമ്പിക്സ് യോഗ്യത നേടുന്ന അഞ്ചാമത്തെ ഇന്ത്യൻ താരമായി നിഷ ദഹിയ. ഇസ്താംബുള്ളിൽ ഇന്നലെ നടന്ന 68 കിലോ വിഭാഗത്തിൽ

റൊമാനിയയുടെ അലക്സാൺട്രിയ അൻഖേലിനെ പരാജയപ്പെടുത്തിയാണ് നിഷ യോഗ്യത നേടിയത്. കഴിഞ്ഞ വർഷത്തെ ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ ജേതാവായ നിഷ, അൻഖേലിനെ 8-4ന് പരാജയപ്പെടുത്തിയിരുന്നു. ആദ്യമായാണ് അഞ്ച് ഇന്ത്യൻ വനിതാ ഗുസ്തി താരങ്ങൾ ഒളിമ്പിക്സിൽ മത്സരിക്കുന്നത്. അതേസമയം ഗ്രീക്കോ-റോമന്റെ ആറ് വിഭാഗങ്ങളിൽ ഇന്ത്യൻ താരങ്ങൾ ആദ്യ റൗണ്ടുകളിൽ പരാജയപ്പെട്ടു.

&&&&&&&&&&&&&&&&&

**AFGHANISTAN – RAIN**

അഫ്ഘാനിസ്ഥാന്റെ വടക്കൻ പ്രവിശ്യയിൽ കനത്തമഴയെ തുടർന്ന് 50 ഓളം പേര് മരിക്കുകയും നൂറോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കനത്ത മഴ ഭാഘ്ലാൻ പ്രവിശ്യയിലെ 5 ജില്ലകളെ ബാധിച്ചതായി താലിബാൻ ഔദ്യോഗികമായി സ്ഥിരീകരിച്ചു. . കാണാതാകുന്ന വരുടെ എണ്ണം കൂടുന്നത് മരണനിരക്ക് വർധിക്കാൻ കാരണമാകുമെന്ന് ദുരന്തനിവാരണവകുപ്പു അറിയിച്ചു. കുറച്ചാഴ്ചകളായി അപ്രതീക്ഷിതമായി പെയ്യുന്ന കനത്തമഴ അഫ്ഘാനിസ്ഥാനിലെ ജനജീവിതം ദുസ്സഹമാക്കി.

&&&&&&&&&&&&&&&&&

**EGYPT–ISRAEL WARNING**

ഇസ്രയേലിന്റെ റഫ അധിനിവേശ നടപടികൾക്കെതിരെ ശക്തമായ മുന്നറിയിപ്പുമായി ഈജിപ്ത്. റഫ അധിനിവേശവുമായി ഇസ്രായേൽ മുന്നോട്ടുപോയാൽ ചരിത്രപ്രസിദ്ധമായ ക്യാമ്പ് ഡേവിഡ് ഉടമ്പടി അസാധുവാക്കുമെന്നും ഈജിപ്ത് വ്യക്തമാക്കി. റഫയിലെ

ഇസ്രയേലിന്റെ സൈനിക നീക്കങ്ങൾക്കെതിരെ നേരത്തെ യു എസ്സും രംഗത്തെത്തിയിരുന്നു. ഇസ്രയേലും ഈജിപ്റ്റും തമ്മിലുള്ള സമാധാനചർച്ചകളിലെ സുപ്രധന നാഴികക്കല്ലാണ് ക്യാമ്പ് ഡേവിഡ് ഉടമ്പടി.

**&&&&&&&&&&&&&&&&&**

## PALESTINE–UN RESOLUTION

ഐക്യരാഷ്ട്രസഭയിൽ അംഗമാകാനുള്ള ഫലസ്ഥീന്റെ ശ്രമത്തെ പിന്തുണയ്ക്കുന്ന ഐക്യരാഷ്ട്ര പൊതുസഭയുടെ കരട് പ്രമേയത്തിന് ഇന്ത്യ അനുകൂലമായി വോട്ട് ചെയ്തു. 193 അംഗ പൊതുസഭ, പ്രത്യേക അടിയന്തര സമ്മേളനം ചേർന്ന്, ഫലസ്ഥീന്റെപൂർണ്ണ അംഗത്വത്തെ പിന്തുണയ്ക്കുന്ന അറബ് ഗ്രൂപ്പ് പ്രമേയം യു.എന്നിൽ അവതരിപ്പിച്ചു. യു.എ.ഇ ആണ് പ്രമേയം അവതരിപ്പിച്ചത്.

**&&&&&&&&&&&&&&&&&**
**&&&&&&&&&&&&&&&&&**